ചെയ്യേണ്ട സമയം. തുടർച്ചയായി 10 മണിക്കൂർ ജോലി ചെയ്യാൻ നിഷ്ക്കർഷിച്ചിട്ടില്ല.

(ഇ) മുമ്പ് ഹരിജനക്ഷേമ വകുപ്പിലുണ്ടായിരുന്ന ജി.ആർ.ബി.സ്കൂളുകളിൽ ഒരു കുക്കിന്റെ തസ്തികയും, ട്രൈബൽ ഹോസ്റ്റലുകളിൽ രണ്ടു കുക്കിന്റെ തസ്തികകളും നിലവിലുണ്ടായിരുന്നു. ഇവ പ്രീ-മെട്രിക് ഹോസ്റ്റലുകളായി മാറ്റിയെങ്കിലും കുക്കിന്റെ തസ്തികകൾ മേൽപറഞ്ഞ പ്രകാരം തന്നെ തുടർന്നുവരുന്നു.

(എഫ്) പരിശോധിക്കുന്നതാണ്.

15 (1819) തിക്കോടി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി താലൂക്കിലെ തിക്കോടി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാളിന്റെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഇല്ല.

16 (1820) വരുമാനപരിധി

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മമ്മുട്ടി : 16 17
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമാരപിള്ള കമ്മിഷൻ റിപ്പോർട്ട് പ്രകാരം പിന്നോക്ക സമുദായങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള നിലവിലുള്ള വരുമാന പരിധി എത്രയാണ്?

ഉത്തരം

പിന്നോക്ക സമുദായങ്ങളെ രണ്ടു ഗ്രൂപ്പുകളാക്കി അതായത് ഫീസ് കൺസഷൻ, സ്റ്റൈപ്പെന്റ്, ലംപ്സം ഗ്രാന്റ് എന്നിവ ലഭിക്കേണ്ടവർക്ക് വരുമാന പരിധി 36,000 രൂപയായും ഫീസ് കൺസഷൻ, ലംപ്സം ഗ്രാന്റ് എന്നിവ മാത്രം ലഭിക്കുന്നവർക്ക് വരുമാനപരിധി 42,000 രൂപയുമായാണ് നിലവിലുള്ളത്.

17 (1822) പി.എ.പി. മുല്ലപ്പെരിയാർ കരാറുകളെ സംബന്ധിച്ച നടപടി

ശ്രീ. ടി.എം. ജേക്കബ്:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറംബിക്കുളം-അലിയാർ കരാർ സംബന്ധിച്ചും മുല്ലപ്പെരിയാർ കരാർ സംബന്ധിച്ചും കേരള നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൻമേൽ സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) തമിഴ്നാട് സർക്കാരിന് കേരള സർക്കാർ ഇത് സംബന്ധമായി എത്ര കത്തുകൾ ഏതെല്ലാം കാലത്ത് അയച്ചിട്ടുണ്ട്;

(സി) ഇതിൻമേലുള്ള തമിഴ്നാട് സർക്കാരിന്റെ പ്രതികരണം എന്താണ്;

(ഡി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തണമെന്ന തമിഴ്നാട് സർക്കാരിന്റെ ആവശ്യത്തിൻമേൽ കേരള സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പറമ്പിക്കുളം അലിയാർ കരാർ സംബന്ധിച്ചും മുല്ലപ്പെരിയാർ കരാർ സംബന്ധിച്ചും കേരള നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പറമ്പിക്കുളം-അലിയാർ പദ്ധതിയെക്കുറിച്ച് പ്രധാനമായും ആറ് കരാർ ലംഘനങ്ങളാണ് കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുള്ളത്. പ്രസ്തുത കരാർ ലംഘനങ്ങൾ തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഇത് സംബന്ധിച്ച് മന്ത്രിതല ചർച്ചകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. എന്നാൽ റിപ്പോർട്ടിൽ പരാമർശിക്കുന്ന അധികം കാര്യങ്ങളും കരാർ പുനഃരവലോകനം സംബന്ധിച്ചാകയാൽ കരാർ, പുനഃരവലോകന ചർച്ചകളിൽ ഇവ ഉൾപ്പെടുത്തുന്നതാണ്.

മുല്ലപ്പെരിയാർ സംബന്ധിച്ച് ഡാമിലെ ജലവിതാനം യാതൊരു കാരണവശാലും 136 അടിയിൽ കൂടുതൽ ഉയർത്താൻ പാടില്ലായെന്നാണ് സർക്കാർ തീരുമാനം. ഇക്കാര്യം തമിഴ്നാട് സർക്കാരിനേയും കേന്ദ്രസർക്കാരിനേയും അറിയിച്ചിട്ടുണ്ട്.

(ബി) നിയമസഭ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിൽമേൽ തമിഴ്നാട് സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് 12.07.94-ൽ അന്നത്തെ സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നു. തുടർന്ന് സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഇപ്പോഴും കത്തിടപാടുകൾ നടത്തിവരികയാണ്. തമിഴ്നാടിന് അയച്ച പ്രധാന കത്തുകളുടെ വിവരം പ്രത്യേകമായി ചേർക്കുന്നു.†

(സി) പറമ്പിക്കുളം-അലിയാർ പദ്ധതി സംബന്ധിച്ച് ഒപ്പുവച്ചിട്ടുള്ള കരാറിൽ ലംഘനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ലായെന്നാണ് തമിഴ്നാടിന്റെ നിലപാട്. ഇതിനോട് സംസ്ഥാന സർക്കാർ യോജിക്കുന്നില്ല. ആയതിനാൽ കരാർ ലംഘനം സംബന്ധിച്ച് നിയമനടപടി ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ ആലോചിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ചുള്ള ബലപ്പെടുത്തൽ പണികൾ പൂർത്തിയായതിനാൽ മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം +136 അടിയിൽനിന്നും ഉയർത്തണമെന്ന തമിഴ്നാടിന്റെ ആവശ്യവും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടില്ല.

(ഡി) ഡാമിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് ജലവിതാനം യാതൊരു കാരണവശാലും +136 അടിയിൽനിന്നും ഉയർത്താൻ പാടില്ലായെന്ന് സർക്കാർ അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേരള നിയമസഭ ഏകകണ്ഠമായി അംഗീകരിച്ച പ്രമേയം കേന്ദ്രസർക്കാരിന് അയച്ചു കൊടുത്തിട്ടുണ്ട്.

18 (1825) ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്ന പദ്ധതി

<u>ശ്രീ. പി.എസ്. സുപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മുനിസിപ്പാലിറ്റിയിലെ ആരംപുന്ന തുംപോട്, മൂസാവരിക്കുന്ന്, എന്നീ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് എന്നാണ് രൂപം നൽകിയത്;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു; എന്നുമുതൽ;

(സി) മൂസാവരിക്കുന്ന് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; ഇതിന്റെ എസ്റ്റിമേറ്റ് എത്ര; ഈ പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കും എന്ന് വ്യക്തമാക്കാമോ;

(ഡി) ജലസേചന വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ഈ പദ്ധതിയുടെ അവലോകനയോഗത്തിൽ പണി പൂർത്തീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിരുന്നത്;

(ഇ) ഈ തീരുമാനങ്ങൾ ഓരോന്നും നടപ്പിലാക്കിയതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(എഫ്) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1991-ൽ.

(ബി) ആരംപുന്ന പദ്ധതി 1994 ലും, തുംപോട് പദ്ധതി 1999 മേയ് മാസത്തിലും പ്രവർത്തനം ആരംഭിച്ചു.

(സി) 6/91-ൽ ആരംഭിച്ചു. 18.35 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. ഏകദേശം 200 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും.

(ഡി) 1. മൂസാവരിക്കുന്നിൽ മുടങ്ങിക്കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കുക. (2) വിളക്കുവെട്ടം ഭാഗത്തെ കേടായ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിച്ച് ശുദ്ധജലവിതരണം പുനഃസ്ഥാപിക്കുക, (3) കല്ലടയാറിന് കുറുകെയുള്ള 450 മി.മി. വ്യാസമുള്ള എച്ച്.ഡി.പി.ഇ. പൈപ്പിന്റെ പണി പൂർത്തിയാക്കുക. (4) പുനലൂർ കേന്ദ്രമാക്കി വാട്ടർ അതോ

LIBRARY ARCHIVES Kerala Legislative Assembly